പതിമൂന്നാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 516 06.03.2012 ൽ മറുപടിക്ക്

# സിനിമാവ്യവസായത്തിലെ പ്രതിസന്ധി

ചോദ്യം
ശ്രീ. കോടിയേരി ബാലകൃഷ്ണൻ

മറുപടി
ശ്രീ. കെ.ബി. ഗണേഷ് കുമാർ
(ബഹു. വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സിനിമാ വ്യവസായവുമായി ബന്ധപ്പെട്ട വിവിധമേഖലകൾ വൻ പ്രതിസന്ധി നേരിടുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിയേറ്ററുകളുടെ നിലവാരതകർച്ചയും പ്രേക്ഷകർ തിയേറ്ററുകളിൽ നേരിടുന്ന അസൌകര്യങ്ങളും പ്രേക്ഷകരെ തിയേറ്ററിൽനിന്നും അകറ്റി. ഹോൾഡ്ഓവർ തുക,അന്യഭാഷാചിത്രങ്ങളുടെ പ്രദർശനം, വ്യാപകമായ പ്രദർശനരീതി നടപ്പാക്കാനാവാത്തത്,വ്യാജ സിഡികളുടെ വ്യാപനം,സിനിമാ നിർമ്മാണ ചെലവിന്റെ ക്രമാതീതമായ വർദ്ധനവ് ,ടിക്കറ്റ് നിരക്ക് സംബന്ധിച്ച വിഷയങ്ങൾ,ഉയർന്ന നിരക്കിലുള്ള വിനോദ നികുതി എന്നീ വിഷയങ്ങളെല്ലാം സിനിമാവ്യവസായത്തിന്റെ പ്രതിസന്ധിക്ക് വഴിവെച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ സിനിമയുമായി ബന്ധപ്പെട്ട ഏതെല്ലാം മേഖല കളിൽ എന്തെല്ലാം പ്രതിസന്ധി കളാണ് നേരിടുന്നതെന്ന് പരി ശോധിച്ചിട്ടുണ്ടോ ; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താ മോ ; | | |
| (സി) | പരിശോധനയിൽ കണ്ടെത്തിയ വിഷയങ്ങൾ പരിഹരിക്കുന്നതി ന് ഇതിനകം എന്തെല്ലാം നടപ ടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | കെ. എസ്. എഫ്. ഡി. സിയുടെ ഉടമസ്ഥതയിലുള്ള തിയേറ്ററുകളിൽ സൌകര്യങ്ങൾ വർദ്ധിപ്പിച്ചും റിലീസിംഗ് ഏർപ്പെടുത്തിയും വൈഡ് റിലീസിംഗ് വ്യാപകമായി നടപ്പാക്കുന്നതിനും വീഡിയോ പൈറസി നിർത്തലാക്കുന്നതിനും നടപടികൾ സ്വീകരിച്ചുകൊണ്ടും സിനിമാ വ്യവസായത്തെ പ്രോത്സാഹിപ്പിച്ചുവരുന്നു.വൈഡ് റിലീസിംഗ് നടപ്പിലാവുന്ന മുറയ്ക്ക് സബ്സിഡി വർദ്ധിപ്പിക്കുന്നതും വിനോദ നികുതി കുറയ്ക്കുന്നതും പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ